LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ നഗരസഭയിലെ അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി

85 (2718) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളിൽ അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി നടപ്പാക്കുന്നുണ്ടോ ; പദ്ധതി നടത്തിപ്പിനായി കേന്ദ്ര/സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ആലപ്പുഴ നഗരസഭയിൽ എത്ര കുടുംബങ്ങൾ പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അതിൽ എത്ര കുടുംബങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം തൊഴിൽ നൽകി ; വ്യക്തമാക്കാമോ ;

(സി) അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്.

(ബി) ആലപ്പുഴ നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ 11,390 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 804 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

നഗരസഭയുടെ പദ്ധതികളിൽ സാങ്കേതിക സഹായം

86 (2719) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകൾക്ക് പദ്ധതികളിൽ സാങ്കേതിക സഹായം നൽകുന്നതിന് കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നഗരങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം മാറ്റങ്ങളും തയ്യാറെടുപ്പുകളുമാണ് വരുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;